(സി) പരിശോധനാവേളയിൽ പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സീക്രട്ട് ഫണ്ട് ഉൾപ്പെടെയുള്ള വിഷയങ്ങൾ ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പൊതുജനങ്ങളിൽ നിന്ന് നേരിട്ടും അല്ലാതെയും ഏതൊക്കെ രീതിയിലാണ് പണം ലഭ്യമാകുന്നതെന്ന് ധനകാര്യ വകുപ്പിന് അറിവുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(ഇ) പോലീസ് വകുപ്പിന് കീഴിലുള്ള ഇത്തരം ഓഫീസുകളിൽ ലഭിക്കുന്ന പിഴ, പെറ്റി, എന്നിവ ഉൾപ്പെടെയുള്ള എല്ലാ റവന്യൂവും കൃത്യമായി ഖജനാവിലേക്ക് അടയ്ക്കുന്നുണ്ടോയെന്നും, അതിന് കൃത്യമായ അക്കൗണ്ടുകളും, രേഖകളും സൂക്ഷിക്കുന്നുണ്ടോയെന്നും കണ്ടെത്തുവാൻ ധനകാര്യപരിശോധനാ വിഭാഗം കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന് സർക്കാർ ഓഫീസുകൾ, സർക്കാരിന് കീഴിലുള്ള വിവിധ കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ സഹായം ലഭിക്കുന്ന ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്താവുന്നതാണ്.

(ബി - ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പോലീസ് വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ പരിശോധന വ്യാപിപ്പിക്കുന്നതിനാവശ്യ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**നികുതിയിനത്തിലെ കേന്ദ്രവിഹിതം**

35(5496) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഇക്കഴിഞ്ഞ 5 വർഷം കേന്ദ്ര സർക്കാർ വിഹിതമായി നികുതിയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തുക ഏതൊക്കെ പദ്ധതികൾക്കായാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ)

| വർഷം | കേന്ദ്ര നികുതി വിഹിതം (തുക കോടിയിൽ) |
|---|---|
| 2011-12 | 5990.36 |
| 2012-13 | 6840.65 |
| 2013-14 | 7468.68 |
| 2014-15 | 7926.29 |
| 2015-16 | 12681.96 (Pre Actual) |

(ബി) സംസ്ഥാനത്തിന്റെ എല്ലാ നികുതി, നികുതിയേതര വരുമാനങ്ങളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്കാണ് വരവുവയ്ക്കുന്നത്. സംസ്ഥാനത്തിന്റെ പദ്ധതി പദ്ധതിയേതര ചെലവുകൾ ഇതിൽനിന്നാണ് കണ്ടെത്തുന്നത്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

36(5497) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ എത്ര ശതമാനം വീതമാണ് കേന്ദ്ര സർക്കാർ വിഹിതമെന്നും സംസ്ഥാന സർക്കാർ വിഹിതമെന്നും പദ്ധതികളുടെ പേരുസഹിതം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 5 വർഷം മേൽപ്പറഞ്ഞ ഓരോ പദ്ധതികൾക്കുമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയും യഥാർത്ഥത്തിൽ സംസ്ഥാനം നേടിയെടുത്ത തുകയും എത്ര വീതമെന്ന് വർഷം തിരിച്ച് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഈ തുക ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ വിഹിതം നൽകാതിരുന്നതിനാൽ നടപ്പിലാക്കാൻ കഴിയാതെ പോയ കേന്ദ്ര സഹായ പദ്ധതികൾ ഏതൊക്കെയെന്നും ഇത് ഏതൊക്കെ വർഷങ്ങളിലാണ് ഉണ്ടായിട്ടുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രവിഹിതം ലഭിക്കാതെ പോയതിനാൽ ഏതെങ്കിലും പദ്ധതികൾ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടും നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?